സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.491(6)/2021/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*4635/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ഷൺമുഖൻ വൈദ്യർ എ.ജി.,
ആറുകെട്ടി ഹൗസ്,
അഞ്ചങ്ങാടി, കടപ്പുറം പി.ഒ.,
തൃശ്ശൂർ-680 514 — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഹെഡ്മിസ്ട്രസ്സ്,
   ഗവ. ഫിഷറീസ് യു.പി. സ്കൂൾ,
   കടപ്പുറം, ചാവക്കാട്,
   തൃശ്ശൂർ-680514

2. അപ്പീൽ അധികാരി &
   ഉപജില്ലാ വിദ്യാഭ്യാസ ആഫീസ്,
   ചാവക്കാട്, തൃശ്ശൂർ

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 08.01.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 27.01.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 03.02.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 02.03.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 30.03.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 05.04.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05.05.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 09.07.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 22.10.2021 & തൃശ്ശൂർ |

| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| --- | --- |
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ഷൺമുഖൻ വൈദ്യർ എ.ജി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ വിവരങ്ങൾ ലഭ്യമാക്കിയില്ലെന്നും, ആയതിനാൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേൽ അപ്പീൽ അധികാരി ഒന്നാം എതിർകക്ഷിയുടെ ഭാഗം അനുകൂലിച്ച് ഉളള ഉത്തരവ് ലഭ്യമാക്കിയെന്നും ആയത് തൃപ്തികരമല്ലാത്തതിനാൽ കമ്മീഷൻ ഇടപെട്ട് വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 08.01.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് കടപ്പുറം ഗവ. ഫിഷറീസ് യു.പി. സ്കൂൾ കോമ്പൗണ്ടിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി പരിസരത്തെ ഔഷധ വൃക്ഷങ്ങൾ മുറിക്കുന്നതിന് ആരാണ് അനുമതി നൽകിയതെന്നും, സ്കൂൾ കോമ്പൗണ്ടിൽ നിന്നും മണലെടുത്ത് കെട്ടിടത്തിന്റെ തറ നിറക്കുന്നതിന് ആരാണ് അനുമതി നൽകിയതെന്നും മറ്റുമായി 3 ഇനങ്ങളിലായുളള വിവരങ്ങളാണ്. ടി അപേക്ഷയിന്മേൽ 27.01.2021 ൽ നൽകിയ മറുപടിയിൽ അറിയിച്ചത്, ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും, ആരാണെന്ന് അറിയില്ലെന്നും, ബാധകമല്ലെന്നുമാണ്. ആയതു തൃപ്തികരമല്ലാത്തതിനാൽ ഹർജികക്ഷി 09.02.2021-ൽ

ഒന്നാം അപ്പീൽ സമർപ്പിക്കുകയും ആയതിന് 02.03.2021 ൽ രണ്ടാം എതിർകക്ഷി ഒന്നാം എതിർകക്ഷിയോട് സ്കൂൾ കോമ്പൗണ്ടിൽ മുറിച്ചു മാറ്റപ്പെട്ട നിലയിൽ കിടക്കുന്ന മരങ്ങൾ സംബന്ധിച്ച വിവരം ജില്ലാ പഞ്ചായത്തിനേയും വനം വകുപ്പിനേയും അടിയന്തിരമായി അറിയിക്കണമെന്നു നിർദ്ദേശിച്ചുകൊണ്ട് അപ്പീൽ തീർപ്പാക്കിയതായി കാണുന്നു.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 09.07.2021 ൽ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, ഹർജികക്ഷിയുടെ അപേക്ഷയിന്മേൽ തീർപ്പു കൽപ്പിക്കുന്നതിനായി 25.02.2021 ന് ടി കാര്യാലയത്തിൽ വെച്ച് ടിയാനേയും പ്രധാന അദ്ധ്യാപികയേയും (ഇൻ-ചാർജ്ജ്) ഉൾപ്പെടുത്തി ഹിയറിംഗ് നടത്തുകയുണ്ടായിയെന്നും പ്രസ്തുത ഹിയറിംഗിൽ ടിയാൻ ഹാജരാക്കിയിരുന്ന ഫോട്ടോകളിൽ നിന്നും മണ്ണു നീക്കം ചെയ്തതിന്റെ ഭാഗമായി മരങ്ങൾ താഴെ വീണതാണെന്ന പ്രധാന അദ്ധ്യാപികയുടെ മറുപടി തെറ്റാണെന്ന് ബോധ്യപ്പെട്ടുവെന്നും സ്കൂളിൽ നിർമ്മാണ പ്രവൃത്തികൾ നടക്കുന്ന വിവരം ടി കാര്യാലയത്തിൽ അറിയിച്ചിരുന്നില്ലെന്നും സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ മരം മുറിക്കുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ പ്രധാന അധ്യാപിക പാലിക്കാതിരുന്നത് തെറ്റാണെന്നു ചൂണ്ടിക്കാട്ടിയെന്നും എന്നാൽ പ്രധാന അധ്യാപിക നൽകിയ വിശദീകരണത്തിൽ ടിയാൾ 01.07.2020 മുതലാണ് സ്കൂളിന്റെ താൽക്കാലിക ചുമതല ഏറ്റെടുത്തത് എന്നും സ്കൂൾ കോമ്പൗണ്ടിൽ നിന്നും മരങ്ങൾ മുറിച്ചു മാറ്റുന്നതിനു മുമ്പ് പാലിക്കപ്പെടേണ്ട നിയമങ്ങളെക്കുറിച്ച് ഹിയറിംഗിൽ പങ്കെടുത്തപ്പോഴാണ് ബോധ്യപ്പെട്ടതെന്നും അറിയിച്ചുവെന്നും തൃശ്ശൂർ ജില്ലാ

കളക്ടറുടെ 10.06.2019 ലെ R.D.G/3813/2018 നമ്പർ പ്രകാരം ഭരണാനുമതി നൽകിയ നിർമ്മാണ പ്രവൃത്തിയുടെ ചുമതല തൃശ്ശൂർ പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്കായിരുന്നുവെന്നും അറിയിച്ചുവെന്നും 02.08.2019 ന് അദ്ദേഹം കെട്ടിട നിർമ്മാണം പണി ആരംഭിക്കുന്നതിനായി വന്നിരുന്നുവെന്നും മുൻ അധ്യാപികയിൽ നിന്നും പ്രവൃത്തി നടത്തേണ്ട സ്ഥലം കാണിച്ച് പ്രവൃത്തി ചെയ്യുന്നതിനുളള അനുമതി ലഭിച്ചിരുന്നതായി അറിയിച്ചിരുന്നുവെന്നും തുടർന്ന് കെട്ടിട നിർമ്മാണം ആരംഭിക്കുകയും ചെയ്തുവെന്നും മരങ്ങൾ മുറിച്ചു മാറ്റിയത് പൊതുമരാമത്ത് എഞ്ചിനീയറുടെ നേതൃത്വത്തിലാണ് എന്നും സ്കൂൾ കുട്ടികൾക്ക് ബഹു. എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും നല്ലൊരു കെട്ടിടം ഉണ്ടാക്കുന്നതിനെക്കുറിച്ച് മാത്രമേ ഉദ്ദേശിച്ചിരുന്നുളളുവെന്നുമാണ്. പരിചയക്കുറവുമൂലമാണ് പ്രധാന അധ്യാപികയുടെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായതെന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 08.01.2021 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 27.01.2021 തീയതി വിവരങ്ങൾ വ്യക്തമാക്കാതെ മറുപടി നൽകിയതായി കാണുന്നു. കൂടാതെ ഹർജിക്കാരന്റെ 03.02.2021 ലെ അപ്പീൽ അപേക്ഷയിന്മേൽ അപ്പീൽ അധികാരിയും 02.03.2021 തീയതി സ്കുൾ കോമ്പൗണ്ടിൽ മുറിച്ചു മാറ്റപ്പെട്ട നിലയിൽ കിടക്കുന്ന മരങ്ങൾ സംബന്ധിച്ച വിവരം ജില്ലാ പഞ്ചായത്തിനേയും വനം വകുപ്പിനേയും അടിയന്തിരമായി അറിയിക്കണമെന്നു ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചുളളതായി കാണുന്നു. രണ്ടാം എതിർകക്ഷിയുടെ റിപ്പോർട്ടിൽ നിന്നും പ്രധാന അധ്യാപികയുടെ

പരിചയക്കുറവുമൂലമാണ് ടിയാളുടെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായതെന്നു കമ്മീഷൻ കരുതുന്നു. മുൻ അധ്യാപിക ട്രാൻസ്ഫർ ആയപ്പോൾ പുതിയ ഹെഡ്മിസ്ട്രസ് വരാത്തതിനാൽ സ്കൂളിലെ സീനിയറായ ടിയാൾക്ക് ചാർജ് എടുക്കേണ്ടി വന്നുവെന്നും പേപ്പർ വർക്കുകൾ എല്ലാം മുൻ ഹെഡ്മിസ്ട്രസിന്റെ കാലത്തായിരുന്നുവെന്നും തറക്കല്ലിടൽ മാത്രമേ ടിയാളുടെ കാലത്ത് ഉണ്ടായിട്ടുളളുവെന്നുമാണ് ടിയാൾ ഹിയറിംഗിൽ മൊഴി നൽകിയത്. മന:പൂർവ്വമല്ലാതെ സദുദ്ദേശത്തോടുകൂടി ചെയ്ത പ്രവൃത്തിയാണ് എന്ന് കമ്മീഷൻ കാണുന്നു. മേലിൽ കുറെക്കൂടി ജാഗ്രതയോടും ശ്രദ്ധയോടും കൂടി വിവരാവകാശ നിയമപ്രകാരമുളള അപേക്ഷകൾ കൈകാര്യം ചെയ്യണമെന്ന് ടിയാളോട് കമ്മീഷൻ നിർദ്ദേശിച്ചുകൊണ്ട് ഒന്നാം അപ്പീൽ അധികാരിയുടെ മറുപടി അംഗീകരിച്ചുകൊണ്ട് കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 01–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp